(ബി) അഞ്ചു വർഷം എന്നാലോകനം എന്നോ നോക്കാതെ തന്നെ നിലവിലുള്ള നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത വ്യവസായങ്ങൾ വിപുലീകരണം/ ആധുനിക വൽക്കരണം/വൈവിധ്യവൽക്കരണം എന്നിവ ചെയ്യുകയാണെങ്കിൽ നിലവിലുള്ള സീലിംഗിൽ നിറുത്തി സംസ്ഥാന മൂലധന സബ്സിഡി ഇപ്പോൾതന്നെ നൽകുന്നുണ്ട്.

(സി & ഡി) ഉല്പന്നത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തി വിപണനം ശക്തിപ്പെടുത്തുന്നതിന് വ്യവസായ വകുപ്പ് "സാങ്കേതിക വിദ്യാ വികസന നിധി" എന്നൊരു പദ്ധതി നടപ്പിലാക്കിവരുന്നു. ഈ വർഷം ഇതിന് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ വികസനത്തിനായി ലഭിക്കുന്ന വായ്പ തുകയുടെ 12% ക്രെഡിറ്റ് കാപ്പിറ്റൽ സബ്സിഡിയായാണ് ഈ തുക നൽകുന്നത്. കൂടാതെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങളുടെ വിപണനം ലക്ഷ്യംവച്ച് സ്ഥാപിക്കുന്ന മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾക്കുവേണ്ടിയുള്ള സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ; ആധുനിക പാക്കിംഗ് യന്ത്രങ്ങൾ, ഗുണനിലവാര സർട്ടിഫിക്കറ്റിനുള്ള ചെലവുകൾ, വൈദ്യുതീകരിക്കുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്ക് സർക്കാരിതര സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ (പ്രത്യേകിച്ച് വനിതകൾ നടത്തുന്ന) വ്യക്തികൾ നടത്തുന്നവ, മുതലായ ഏജൻസികൾക്ക് സബ്സിഡി നൽകാനുള്ള വിപണന പദ്ധതി/വിപണന പ്രചോദന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിനായി 40 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. പ്രവർത്തന മൂലധനത്തിന്റെ 15% കൂടുതൽ ധനവായ്പ 5 ലക്ഷം രൂപ പരിധിയിലോ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 10 ലക്ഷം രൂപയിൽ കവിയാത്ത തുകയോ ഈ പദ്ധതി അനുസരിച്ച് നൽകാവുന്നതാണ്. സംസ്ഥാനത്തിനകത്ത് സ്ഥാപിക്കുന്ന മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾക്ക് മാത്രമേ ഈ പദ്ധതിപ്രകാരം സഹായം നൽകുകയുള്ളൂ.

കൂടാതെ വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ മറ്റുള്ളവർക്കു പരിചയപ്പെടുത്തി ഓർഡറുകൾ ലഭ്യമാക്കാൻ ഇത്തരം ഉല്പന്നങ്ങൾ വ്യവസായ വകുപ്പു തന്നെ നേരിട്ട് ഡൽഹിയിലെ പ്രഗതി മൈതാനിയിലെ ഭാരത അന്താരാഷ്ട്ര വിപണന മേളയിൽ എല്ലാ വർഷവും പ്രദർശിപ്പിക്കാറുണ്ട്.

കെ. എസ്. ബി. യിൽ നിന്നും ലോണെടുത്ത് വ്യവസായ സംരംഭങ്ങൾ നടത്തി റവന്യൂ റിക്കവറി നേരിടുന്നവർ

5 (4165) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ലോണെടുത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ. എഫ്. സി. യിൽനിന്നും ലോണെടുത്ത് വ്യവസായ സംരംഭങ്ങൾ നടത്തി റവന്യൂ റിക്കവറി നേരിടുന്നവരുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും കുത്തനെ പലിശ കുറയ്ക്കുന്നതിനനുസൃതമായി കേരളത്തിലെ ചെറുകിട നാമമാത്ര സംരംഭകർക്ക് കെ.എഫ്.സി. യിൽനിന്നും എടുത്ത ലോണിന് പലിശയിളവ് നൽകാതെ വൻ പലിശയും പിഴപലിശയും നടത്തേണ്ടിവരുന്ന സാഹചര്യം മനസ്സിലാക്കി വ്യവസായ സംരംഭകർക്ക് ആശ്വാസമെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ;

ഉത്തരം

(എ) പരാതികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കെ.എഫ്.സി. പലിശ നിശ്ചയിക്കുന്നത് ചെറുകിട വ്യവസായ വികസന ബാങ്കിന്റെ നിർദ്ദേശപ്രകാരമാണ്. പുനർ വായ്പയായി ചെറുകിട വ്യവസായ ബാങ്കിൽ നിന്നും ലഭിക്കുന്ന തുകയും പത്തുവർഷ കാലാവധിക്ക് പുറപ്പെടുവിക്കുന്ന കടപത്രം മുതൽ ലഭിക്കുന്ന തുകയുമാണ് കെ. എഫ്. സി. യുടെ ധനാഗമ മാർഗ്ഗം. വായ്പയുടെ ചെലവ് 12.25 ശതമാനവും കടപ്പത്രം മുഖേനയുള്ള തുകയ്ക്ക് 12 ശതമാനവും ശരാശരി ചെലവ് നിലവിലുണ്ട്. ആയതിനാൽ ബാങ്കും മറ്റു ധനകാര്യ സ്ഥാപനങ്ങളും പലിശയിൽ കുറവു വരുത്തുന്നതിനനുസൃതമായി പലിശ കുറയ്ക്കുവാൻ കെ.എഫ്.സി. ക്ക് നിർവ്വാഹമില്ല. എന്നാൽ ഉയർന്ന പലിശ നിരക്കിൽ വായ്പയെടുത്തിട്ടുള്ളവർക്ക് പലിശയുടെ കൂടിശ്ശികയുടെ 50% അടയ്ക്കുമ്പോൾ നിലവിലുള്ള നിരക്കായി 14.5% ആയി കുറയ്ക്കുവാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഒ.റ്റി.എസ്. അനുസരിച്ച് വായ്പ അടച്ചു തീർക്കുന്നവർക്ക് പിഴപലിശയിലും പലിശയിലും മുതലിലും അതനുസരിച്ച് ഇളവുകൾ നൽകി വരുന്നുണ്ട്.

കെ. എസ്. ഐ. ഡി. സി. വിളിച്ചിട്ടുള്ള ആഗോള ടെണ്ടറുകൾ

6 (4166) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കെ.എസ്.ഐ.ഡി.സി. ഏതെല്ലാം പദ്ധതികൾക്കുള്ള ടെൻഡർ വിളിച്ചു ;

(ബി) ഇവയുടെ ആകെ എസ്റ്റിമേറ്റുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ; ഈ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട വകുപ്പുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യത്തിൽ ഉണ്ടായിരുന്ന ഉത്തരവാദിത്വം വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly